**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1721** | **08-12-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന സിവിൽ സർവ്വീസ് ടൂർണമെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാർക്കായി സംഘടിപ്പിക്കുന്ന സംസ്ഥാന സിവിൽ സർവ്വീസ് ടൂർണമെന്റിൽ ഏതൊക്കെ വിഭാഗം ജീവനക്കാരാണ് പങ്കെടുക്കുന്നതെന്ന് വകുപ്പ് തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ; | (എ) | ഓരോ ജില്ലയെയും പ്രതിനിധീകരിച്ച് സംസ്ഥാന സിവിൽ സർവീസസ് ടൂർണമെന്റിൽ പങ്കെടുക്കുന്നത് അതാത് ജില്ലാ സ്പോർട്സ് കൗൺസിലുകൾ നടത്തുന്ന മത്സരങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ജീവനക്കാരാണ്. ഏതൊക്കെ വിഭാഗം ജീവനക്കാരാണ് പങ്കെടുക്കുന്നത് എന്നതിന്റെ വകുപ്പ തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ചിട്ടില്ല. |
| (ബി) | ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ജീവനക്കാർ ഈ ടൂർണ്ണമെന്റിൽ മത്സരിക്കാറുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട് |
| (സി) | ഉണ്ടെങ്കിൽ, ടൂർണമെന്റ് സംഘടിപ്പിക്കുന്നതിനും സെലക്ഷനുമായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയിൽ സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷൻ ക്ലബിന്റെ പ്രതിനിധിയെ മാത്രം ഉൾപ്പെടുത്തിയിരിക്കുന്നത് ഏത് മാനദണ്ഡമനുസരിച്ചാണെന്ന് വ്യക്തമാക്കുമോ; | (സി) | ടൂർണമെന്റ് സംഘടിപ്പിക്കുന്നതിനും സെലക്ഷനും വേണ്ടി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ ഘടന ഇപ്രകാരമാണ് :<br><br>1) ഡയറക്ടർ, കായിക യുവജനകാര്യം - ചെയർമാൻ<br><br>2) സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ - കൺവീനർ<br><br>3) ഡെപ്യൂട്ടി സെക്രട്ടറി, കായിക യുവജനകാര്യം - മെമ്പർ<br><br>4) ഓണററി സ്പോർട്സ് ഓഫീസർ, ഗവൺമെന്റ് സെക്രട്ടേറിയറ്റ് - മെമ്പർ<br><br>5) കേരള സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷന്റെ ഒരു പ്രതിനിധി - മെമ്പർ<br><br>6) ടെക്നിക്കൽ ഓഫീസർ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ - മെമ്പർ<br><br>7) പ്രസ്തുത കായിക ഇനവുമായി ബന്ധപ്പെട്ട പ്രസിദ്ധനായ ഒരു കായിക താരം - മെമ്പർ<br><br>8) ഒരു സീനിയർ കോച്ച് - മെമ്പർ |

| | | | |
|---|---|---|---|
| | | | 9) ഏത് ജില്ലയിലാണോ സംസ്ഥാന സിവിൽ സർവീസസ് മത്സരങ്ങൾ നടക്കുന്നത് ആ ജില്ലയിലെ ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് - മെമ്പർ |
| (ഡി) | സമാനമായ മറ്റ് വകുപ്പുകളിലെ ജീവനക്കാരുടെ സ്പോർട്സ് സംഘടനാ പ്രതിനിധികളെ കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ